



എ.വൈ.ആർ

സൂറ-18

# അൽ കഹ്ഫ്

وَإِذْ قُلْنَا لِلْمَلَائِكَةِ اسْجُدُوا لِآدَمَ فَسَجَدُوا إِلَّا إِبْلِيسَ كَانَ
مِنَ الْجِنِّ فَفَسَقَ عَنْ أَمْرِ رَبِّهِ ۗ أَفَتَتَّخِذُونَهُ وَذُرِّيَّتَهُ أَوْلِيَاءَ مِنْ
دُونِي وَهُمْ لَكُمْ عَدُوٌّ ۚ بِئْسَ لِلظَّالِمِينَ بَدَلًا ﴿٥٠﴾

**50.** മലക്കുകളോടു നാം ആദമിനു പ്രണാമം ചെയ്യുവീൻ എന്നു കൽപ്പിച്ചപ്പോൾ അവരൊക്കെയും പ്രണാമം ചെയ്തു-ഇബ്‌ലീസ് ഒഴിച്ച്. അവൻ ജിന്നുകളിൽ പെട്ടവനായിരുന്നു. അതിനാൽ വിധാതാവിന്റെ കൽപ്പന ധിക്കരിച്ചു. ആ ഇബ്‌ലീസിനെയും മക്കളെയുമാണോ നിങ്ങൾ എന്നെക്കൂടാതെ രക്ഷകരായി വരിക്കുന്നത്; അവർ നിങ്ങളുടെ വൈരികളാണെന്നിരിക്കെ? ഈ ധിക്കാരികൾ തെരഞ്ഞെടുക്കുന്ന ബദൽ തീരെ നികൃഷ്ടമായതു തന്നെ.

നാം മലക്കുകളോട് പറഞ്ഞ(കൽപ്പിച്ച)പ്പോൾ = وَإِذْ قُلْنَا لِلْمَلَائِكَةِ
അവർ(എല്ലാവരും) പ്രണാമം ചെയ്തു = فَسَجَدُوا ആദമിന്ന് പ്രണാമം ചെയ്യുവീൻ(എന്ന്) = اسْجُدُوا لِآدَمَ
അവൻ (ഇബ്‌ലീസ്) ജിന്നുകളിൽപെട്ടവനായിരുന്നു = كَانَ مِنَ الْجِنِّ ഇബ്‌ലീസ് ഒഴിച്ച് = إِلَّا إِبْلِيسَ
അവന്റെ (സ്വന്തം) വിധാതാവിന്റെ കൽപ്പനയെ = عَنْ أَمْرِ رَبِّهِ അതിനാൽ അവൻ ധിക്കരിച്ചു = فَفَسَقَ
അവന്റെ മക്കളെയും = وَذُرِّيَّتَهُ അവനെ (ഈ ഇബ്‌ലീസിനെ) യാണോ നിങ്ങൾ വരിക്കുന്നത് = أَفَتَتَّخِذُونَهُ
നിങ്ങൾക്ക്(ളുടെ) = لَكُمْ അവർ(രോ ആണെന്നിരിക്കെ) = وَهُمْ എന്നെ കൂടാതെ = مِنْ دُونِي രക്ഷകരായിട്ട് = أَوْلِيَاءَ
പകര(ം)ത്താൽ = بَدَلًا ധിക്കാരികൾക്ക് = لِلظَّالِمِينَ എത്ര ചീത്ത, തീരെ നികൃഷ്ടമായതുതന്നെ = بِئْسَ വൈരികൾ = عَدُوٌّ

**50.** അവിശ്വാസികളുടെ അഹന്തയുടെയും പാവങ്ങളോടുള്ള പുഛത്തിന്റെയും അടിവേരു ചൂണ്ടിക്കാണിക്കുകയാണിവിടെ. ആദമിന്റെയും ഇബ്‌ലീസിന്റെയും കഥ സൂറഃ അൽബഖറ 30-39 സൂക്തങ്ങളിൽ വിശദമായി വന്നിട്ടുണ്ട്. ആവശ്യമായ വിശദീകരണം *ഖുർആൻ ബോധനം* അവിടെ നൽകിയിരിക്കുന്നു. അനന്തരം സൂറഃ അൽഅഅ്റാഫിലും അൽഹിജ്റിലും തൊട്ടുമുമ്പുള്ള അൽഇസ്റാഇലുമൊക്കെ ഈ സംഭവം പരാമർശിച്ചിരിക്കുന്നു. സ്വന്തം മൂലം അത്യുന്നതവും ആദമിന്റെ മൂലം നീചവുമാണെന്ന മിഥ്യാഭ്രമമായിരുന്നു ആദമിനെ പ്രണമിക്കുന്നതിൽനിന്ന് ഇബ്‌ലീസിനെ വിലക്കിയത്. ചുറ്റുപാടും ചൂടും വെളിച്ചവും പരത്തുന്ന അഗ്നിയിൽനിന്നുളവായ താൻ തനിക്കു പുറത്ത് ഒരു സ്വാധീനവുമുളവാക്കാതെ താഴോട്ടമർന്നു കിടക്കുന്ന മണ്ണിൽ നിന്നുളവായ മനുഷ്യനെക്കാൾ മഹനീയനാണെന്ന് അവൻ കരുതി. ഇതേ അഹന്ത തന്നെയാണ്, പാവങ്ങളും ദരിദ്രരുമായ ആളുകൾ വിശ്വസിക്കുന്ന ആദർശത്തിൽ വിശ്വസിക്കുന്നത് തങ്ങളെപ്പോലെ കുലീനരും ധനാഢ്യരുമായ പ്രമാണിമാർക്ക് കുറച്ചിലാണെന്നു കരുതിയ ഖുറൈശികളെയും ഭരിച്ചിരുന്നത്.

ഇബ്‌ലീസ് അഹങ്കാരിയായി ആദമിനെ പ്രണമിക്കാൻ വിസമ്മതിച്ചു أَبَىٰ وَاسْتَكْبَرَ എന്നു മറ്റൊരിടത്ത് പറയുന്നുണ്ട്. ഈ അഹങ്കാരം മനുഷ്യൻ ഏറ്റെടുക്കുമ്പോഴാണ് അവൻ അവിശ്വാസിയും ദൈവധിക്കാരിയുമാകുന്നത്. ദൈവത്തോടുള്ള വിധേയത്വവും അനുസരണവുമാണ് മനുഷ്യന്റെ പ്രകൃതിയും ജീവിതത്തിന്റെ വെളിച്ചവും. തന്റെ കാര്യം തീരുമാനിക്കാനുള്ള ശക്തിയും അധികാരവും തനിക്കു മാത്രമാണ് എന്നു കരുതുമ്പോൾ അവൻ സ്വന്തം പ്രകൃതിയിൽനിന്നു പുറത്തുകടക്കുകയും ഇരുട്ടിൽ പതിക്കുകയും ചെയ്യുന്നു. താൻ എന്തിനും പോന്നവനാണെന്നും തനിക്കുപരി ആരുമില്ലെന്നും കരുതാൻ വല്ലവർക്കും അവകാശമുണ്ടെങ്കിൽ അത് അല്ലാഹുവിനു മാത്രമാണ്. കാരണം അനന്തനും അനാദിയുമായ ഏക ശക്തി അവനാണ്. അവൻ മാത്രമാണ് സർവജ്ഞനും സർവശക്തനും സർവാധികാരിയുമായ അസ്തിത്വം. അവനൊരുവനാണ് പ്രപഞ്ചത്തിലുള്ള സകലതും ഉളവാക്കി പരിപാലിച്ചുകൊണ്ടിരിക്കുന്നത്. അവന്റെ അധികാരത്തിനോ ഔദാര്യത്തിനോ അതീതമായി ഒന്നുമില്ല. അല്ലാഹുവിന്റെ ഔദാര്യത്താൽ മാത്രം ഉണ്ടാവുകയും നിലനിൽക്കുകയും ചെയ്യുന്ന സൃഷ്ടി സ്വയം സർവശക്തനും അധികാരിയുമായി കാണുന്നത്, തന്നെ ദൈവ തുല്യനാക്കലാണ്. സൃഷ്ടി സ്രഷ്ടാവിന്റേതു മാത്രമായ പദവിയി

ലേക്ക് കടന്നുകയറാൻ ശ്രമിക്കുന്നത് അവന്റെ കോപത്തിനു കാരണമാകുന്നു. അണു അളവ് അഹങ്കാരമുള്ളവന് സ്വർഗ പ്രവേശം വിലക്കപ്പെടുമെന്ന് അവൻ താക്കീതു ചെയ്തിട്ടുണ്ട്.

അഹന്തയുടെ യാഥാർഥ്യമെന്താണ് എന്ന ചോദ്യത്തിന് ചില പണ്ഡിതന്മാർ നൽകുന്ന ഉത്തരമിതാണ്: അടിസ്ഥാന മൊന്നുമില്ലാതെ സ്വന്തം വ്യക്തിത്വത്തിന് അമിതമായ ഔന്നത്യം കൽപ്പിക്കുകയാണ് അഹങ്കാരം. അഹങ്കാരം ആദ്യ മായി പ്രകടിപ്പിച്ചത് ഇബ്‌ലീസാണ്. അഗ്നി മണ്ണിനെക്കാൾ വിശുദ്ധവും മഹത്തരവുമാണെന്ന് അവൻ കരുതി. ആദമിനെ പ്രണമിക്കാതിരിക്കുക മാത്രമല്ല, മണ്ണുമായി ബന്ധപ്പെട്ട വിഷ യത്തിൽ താൻ ദൈവകൽപ്പന അനുസരിക്കേണ്ടതില്ലെന്ന് തീരു മാനിക്കുകയും ചെയ്തു. വാസ്തവത്തിൽ അഗ്നിയും മണ്ണും അല്ലാഹു സൃഷ്ടിച്ചതാണ്. സൃഷ്ടികളെല്ലാം സ്രഷ്ടാവിനു വിധേയരും അവനെ അനുസരിക്കേണ്ടവരുമാണെന്ന കാര്യ ത്തിൽ വ്യത്യാസമില്ല. അതായത് അഗ്നിയുടെയും മണ്ണിന്റെയും മൗലിക ധർമം ഒന്നാണ്. വസ്തുക്കളുടെ ദൗർലഭ്യതയും തന്റെ പരിതസ്ഥിതിയിൽ അവയുടെ ഉപയോഗത്തിനുള്ള പ്രാധാ ന്യവും പരിഗണിച്ചാണ് മനുഷ്യർ മൂല്യം കണക്കാക്കുന്നത്. ചൂടും വെളിച്ചവും നൽകുന്ന അഗ്നിക്ക് അവൻ കൂടുതൽ പ്രാധാന്യം കൽപ്പിക്കുന്നു. അത് മണ്ണിനോളം സുലഭവുമല്ല. പക്ഷേ ചൂടുംവെളിച്ചവും അനുഭവിക്കുന്ന ജീവികൾ നില നിൽക്കുന്നത് മണ്ണിലാണ്, മണ്ണ് ഉൽപാദിപ്പിക്കുന്ന വിളകൾ കൊണ്ടാണ്. അഗ്നിയില്ലാതെ പല ജീവികൾക്കും നിലനിൽക്കാ നാകും. മണ്ണില്ലാതെ ഒരു ജീവിയും നിലനിൽക്കുകയില്ല. എല്ലാ വസ്തുക്കളും പ്രകൃതിയുടെ അവശ്യഘടകങ്ങളെന്ന നിലയിൽ തുല്യ പ്രാധാന്യമുള്ളവയാണ്. ഒരു വസ്തു മറ്റു വസ്തു ക്കളെക്കാൾ മികച്ചതായി കാണപ്പെടുന്നുവെങ്കിൽ അത് ആ വസ്തുവിന്റെ മഹത്വമല്ല; അതിന്റെ സ്രഷ്ടാവിന്റെ മഹത്വമാ ണ്. ഈ യാഥാർഥ്യങ്ങൾ അവഗണിച്ചുകൊണ്ടാണ് ഇബ്‌ലീസ് സ്വയം ആദമിനെക്കാൾ ഉന്നതനും ദൈവകൽപ്പനക്കതീതനു മായി കരുതിയത്. തങ്ങൾ മൗലികമായി ഉയർന്നവരും വരേ ണ്യരുമാണ് എന്ന അടിസ്ഥാനരഹിതമായ സങ്കൽപ്പമാണു ലോകത്തു നടമാടുന്ന ഉച്ചനീചത്വങ്ങളുടെയും തജ്ജന്യമായ കുഴപ്പങ്ങളുടെയും അടിസ്ഥാന കാരണം. അതുമൂലമാണ് ബ്രാഹ്മണർക്ക് അവർണർ അസ്പൃശ്യരാകുന്നത്. യഹൂദരെ വംശഹത്യ ചെയ്യാൻ ഹിറ്റ്ലറെ പ്രേരിപ്പിച്ചതും അതാണ്. മുഹ മ്മദ് നബിയെ തള്ളിപ്പറയാൻ ഖുറൈശികളെ മാത്രമല്ല അക്കാ ലത്തെ യഹൂദരെയും പ്രേരിപ്പിച്ചത് ഇതേ വരേണ്യബോധമാ യിരുന്നു. അന്ത്യപ്രവാചകന്റെ ആഗമനം സത്യത്തിൽ അവ രുടെ വേദം തന്നെ പ്രവചിച്ചിട്ടുള്ളതായിരുന്നു. പക്ഷേ ആഗ തനായ പ്രവാചകൻ ഇസ്രാഈൽ വംശത്തിൽ നിന്നുള്ളയാളല്ല എന്നു കണ്ടപ്പോൾ അവരദ്ദേഹത്തെ തള്ളിപ്പറഞ്ഞു. തങ്ങളാണ് ഉയർന്ന വർഗം, ദൈവത്തിന്റെ മക്കൾ. പ്രവാചകത്വം പോലുള്ള മഹത്വങ്ങൾ തങ്ങളുടെ വർഗത്തിനേ ലഭിക്കാവൂ. അന്യജാതി യിൽപെട്ടവരെ പ്രവാചകനായി അംഗീകരിക്കുന്നത് തങ്ങൾക്കു കുറച്ചിലാണ്. ഇതായിരുന്നു അവരുടെ നിലപാട്. ഇതുപോ ലുള്ള വിചാരങ്ങൾ തന്നെയാണ് ഇന്നും പല ആളുകളെയും ദൈവിക ദീനിൽ നിന്നകറ്റി നിറുത്തുന്നത്. ചുറ്റുമുള്ളവരെ ക്കാൾ വിദ്യാഭ്യാസമുള്ളയാൾ താൻ വിദ്യാഭ്യാസപരമായി അവ രെക്കാൾ ഉയർന്നവനാണെന്ന്, അല്ലെങ്കിൽ സമ്പന്നൻ താൻ സമ്പന്നനാണെന്ന് കരുതുന്നതും അതു പ്രകടിപ്പിക്കുന്നതും തെറ്റാകുന്നില്ല. അഹങ്കാരവുമാകുന്നില്ല. നല്ല ഭക്ഷണം കഴി ക്കുന്നതും സുന്ദരമായി വസ്ത്രം ധരിക്കുന്നതും മുന്തിയ ചെരി പ്പിടുന്നതും അഹങ്കാരമല്ല, ദൈവം നൽകിയ അനുഗ്രഹങ്ങൾ പരസ്യമാക്കലാണെന്ന് പ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ തന്റെ സമ്പത്തും ശക്തിയും മറ്റുള്ളവരെ നിസ്സാര വൽക്കരിക്കാനും അടിച്ചമർത്താനും തനിക്കവകാശം നൽകു ന്നുവെന്ന് തോന്നുമ്പോൾ അത് അഹങ്കാരമാകുന്നു. ഓരോരു ത്തരും അവരവരുടെ നന്മകൾ സ്വയം മനസ്സിലാക്കേണ്ടതു ണ്ട്. എന്നാൽ സ്വയം നല്ലവനെന്ന വിചാരത്തിന്റെ മറുവശം മറ്റുള്ളവർ മോശക്കാരാണെന്ന വിചാരമായിക്കൂടാ. മറ്റുള്ളവ രൊക്കെ മോശക്കാരാണെന്ന വിചാരം താൻ നല്ലവനായിട്ടില്ല എന്നതിന്റെ ലക്ഷണമാണ്. ശൈഖ് സഅദിയെക്കുറിച്ച് ഉദ്ധരി ക്കപ്പെടുന്ന പ്രസിദ്ധമായ ഒരു കഥയുണ്ട്. ഒരു രാത്രി അദ്ദേഹം തഹജ്ജുദ് നമസ്കാരത്തിന് എഴുന്നേറ്റപ്പോൾ അദ്ദേഹത്തിന്റെ പുത്രനും എഴുന്നേറ്റു. അപ്പോൾ വീട്ടിലും പുറത്തുമുള്ള മറ്റെ ല്ലാവരും സുഖസുഷുപ്തിയിലായിരുന്നു. ഇതുകണ്ട് മകൻ പറഞ്ഞു: "കണ്ടോ എല്ലാവരും സുഖമായി ഉറങ്ങുന്നു. നമ്മൾ മാത്രം നമസ്കാരത്തിനുവേണ്ടി ഉണർന്നിരിക്കുന്നു." സഅദി യുടെ പ്രതികരണം ഇപ്രകാരമായിരുന്നു: "ഇങ്ങനെയാണ് നീ കാണുകയും പറയുകയും ചെയ്യുന്നതെങ്കിൽ തഹജ്ജു ദിന്‌വേണ്ടി എഴുന്നേൽക്കാതിരിക്കുന്നതായിരുന്നു നിനക്കു നല്ല ത്." സ്വയം മുത്തഖിയായി കരുതുന്ന പലരും മറ്റുള്ളവരെ ഫാസിഖുകളും പാപികളുമായി കാണുകയും ആ രീതിയിൽ അവരോടു പെരുമാറുകയും ചെയ്യുന്നു. ഇതും അഹങ്കാരമാ ണ്. ഇതുപോലെ വിജ്ഞാനബോധം തലക്കുപിടിക്കുന്നവരു മുണ്ട്. അവരുടെ ദൃഷ്ടിയിൽ മറ്റുള്ളവരൊക്കെ അജ്ഞന്മാരാ ണ്. തഖ്‌വയുടെയും ഇൽമിന്റെയും-ദൈവഭക്തിയുടെയും ജ്ഞാനത്തിന്റെയും-ശ്രേഷ്ഠതയെക്കുറിച്ച് ഇസ്‌ലാം ഏറെ പറ യുന്നുണ്ട്. സമൂഹ നിർമിതിയുടെ അടിസ്ഥാന സ്തംഭങ്ങളാ യിരിക്കണം അവയെന്നാണ് ഇസ്‌ലാം ആഗ്രഹിക്കുന്നത്. ഈ ശ്രേഷ്ഠതകളുടെ വാഹകനാകുന്നതും അഹങ്കാരിയാകുന്നതും തമ്മിൽ ആകാശഭൂമികൾ തമ്മിലുള്ള അന്തരമുണ്ട്.

ഇബ്‌ലീസിനെക്കുറിച്ചും ആ പദത്തിന്റെ അർഥത്തെക്കു റിച്ചും സൂറഃ അൽബഖറ 34-ാം സൂക്തത്തിനു താഴെ *ഖുർ ആൻ ബോധനം* വിശദീകരിച്ചിരിക്കുന്നു. ഇബ്‌ലീസ് മലക്ക ല്ല, ജിന്നുകളിൽ പെട്ടവനാണെന്ന് ഖുർആൻ ഇവിടെ വെളി പ്പെടുത്തുന്നു. എങ്കിൽ മലക്കുകളോടു സുജൂദ് ചെയ്യാൻ കൽപ്പി ച്ചപ്പോൾ സുജൂദ് ചെയ്യാതിരുന്ന ജിന്ന് എങ്ങനെ കുറ്റവാളി യായി എന്നൊരു ചോദ്യമുയരാം. അല്ലാഹു ആദമിനെ സൃഷ്ടി ച്ചത് ഭൂമിയിൽ തന്റെ പ്രതിനിധിയായി നിയമിക്കപ്പെടാനാണ്. മനുഷ്യന് ഈ പ്രാതിനിധ്യം നിറവേറ്റാൻ ഉതകുംവണ്ണമാണ് ഭൂമിയിലുള്ള സകല ഭൗതിക വസ്തുക്കളും സജ്ജീകരിച്ചുവ ച്ചിട്ടുള്ളത്. മലക്കുകൾ ആദമിനെ പ്രണമിക്കണമെന്ന കൽപ്പ നയുടെ പൊരുൾ അവർ ആദമിന്റെ മുമ്പിൽ ഒന്നു കുമ്പിടുക എന്നു മാത്രമല്ല. മലക്കുകളുൾപ്പെടെയുള്ള അഗോചരസൃഷ്ടി കൾ കൂടി ഭൂമിയിൽ അല്ലാഹുവിന്റെ പ്രാതിനിധ്യം നിറവേറ്റു ന്നതിൽ മനുഷ്യരെ സേവിക്കണമെന്നും അതിനർഥമുണ്ട്. മല ക്കുകൾ ആ സേവനം ഏറ്റെടുത്തു. അവരത് അഭംഗുരം നിർവ ഹിച്ചുകൊണ്ടുമിരിക്കുന്നു. മറ്റൊരു അഗോചര സൃഷ്ടിയായ ജിന്നുകളിൽ പെട്ട ഒരുവൻ അതേറ്റെടുക്കാൻ വിസമ്മതിച്ചു. ഒപ്പം, മനുഷ്യനെ ദൈവത്തിന്റെ പ്രാതിനിധ്യപദവിയിൽനിന്നു പുറത്താക്കാൻ അന്ത്യനാൾ വരെ അഹോരാത്രം പരിശ്രമിച്ചു കൊണ്ടിരിക്കുമെന്ന് ശപഥമെടുക്കുകയും ചെയ്തു. അവനാണ് ഇബ്‌ലീസ്.

മലക്കിന്റെയും ജിന്നിന്റെയും പ്രകൃതിയിൽ വലിയ അന്ത

രമുണ്ട്. മലക്കുകൾക്ക് അല്ലാഹു കൽപ്പിക്കുന്ന ഹിതാഹിതങ്ങൾക്കപ്പുറം സ്വന്തമായ ഹിതാഹിതങ്ങളില്ല. അല്ലാഹു കൽപ്പിക്കുന്നതെന്തോ അതു നടപ്പിലാക്കുകയാണവരുടെ ധർമം. അല്ലാഹുവിന്റെ കൽപ്പന ലംഘിക്കുകയോ സ്വന്തമായി തീരുമാനമെടുക്കുകയോ ചെയ്യുന്ന പ്രകൃതി അവർക്കില്ല. لَّا يَعْصُونَ ٱللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ (അവർ അല്ലാഹുവിന്റെ കൽപ്പന അശേഷം ധിക്കരിക്കുന്നതല്ല. തങ്ങൾ കൽപ്പിക്കപ്പെടുന്നതു മാത്രം പ്രവർത്തിക്കുന്നു-66:6).

وَهُمْ لَا يَسْتَكْبِرُونَ ﴿٤٩﴾ يَخَافُونَ رَبَّهُم مِّن فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ ۩ ﴿٥٠﴾
(അവർ അഹങ്കാരികളാകുന്നില്ല. മേലായ നാഥനെ ഭയപ്പെടുകയും അവനാൽ കൽപ്പിക്കപ്പെടുന്നത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു-16:49-50).

ജിന്നുകളുടെ അവസ്ഥ ഇതല്ല. അവർക്ക് മനുഷ്യരെപ്പോലെ ഇഛിക്കുകയും ഇഛാനുസാരം പ്രവർത്തിക്കുകയും ചെയ്യുന്ന പ്രകൃതിയുണ്ട്. സ്വന്തമായി ഇഛിക്കാനും തീരുമാനിക്കാനും കഴിവുള്ളതുകൊണ്ടാണ് അവർക്ക് ആദമിനെ നമിക്കാനുള്ള ദൈവകൽപ്പന ലംഘിക്കാൻ സാധിച്ചത്. ഇതാണ് كَانَ مِنَ ٱلْجِنِّ فَفَسَقَ അവൻ ജിന്നുകളിൽ പെട്ടവനായിരുന്നു അതിനാൽ ധിക്കരിച്ചു എന്നുപറഞ്ഞതിന്റെ താൽപര്യം. മനുഷ്യരെപ്പോലെ ജിന്നുകളും ഉത്തരവാദിത്വമുള്ളവരും, അതിന്റെ പേരിൽ വിചാരണക്ക് വിധേയരാകുന്നവരുമാണ്. സൂറഃ അർറഹ്മാൻ 31-ാം സൂക്തത്തിൽ അല്ലാഹു മനുഷ്യരെയും ജിന്നുകളെയും ചേർത്ത് أَيُّهَ ٱلثَّقَلَانِ -അല്ലയോ രണ്ടു ഭാരങ്ങളേ, എന്നു സംബോധന ചെയ്യുന്നുണ്ട്. രണ്ടു കൂട്ടരുടെയും ഭാരം അവർ വഹിപ്പിക്കപ്പെട്ട ഉത്തരവാദിത്വമാണ്. മനുഷ്യരിലെന്നപോലെ, ഈ ഉത്തരവാദിത്തം ഓർമിപ്പിക്കാനും അതിൽ വീഴ്ചവരുത്തുന്നതിന്റെ അനന്തരഫലത്തെക്കുറിച്ച് താക്കീതു ചെയ്യാനും ജിന്നുകൾക്കിടയിലും പ്രവാചകന്മാർ നിയുക്തരായിട്ടുണ്ട്. അന്ത്യനാളിൽ അവരും രക്ഷാശിക്ഷകൾക്ക് വിധിക്കപ്പെടുന്നതാണ്. വിചാരണാ സഭയിൽ അല്ലാഹു മനുഷ്യരോടും ജിന്നുകളോടും ചോദിക്കുന്നതായി ഖുർആൻ ഉദ്ധരിക്കുന്നു:

يَـٰمَعْشَرَ ٱلْجِنِّ وَٱلْإِنسِ أَلَمْ يَأْتِكُمْ رُسُلٌ مِّنكُمْ يَقُصُّونَ عَلَيْكُمْ ءَايَـٰتِى
وَيُنذِرُونَكُمْ لِقَآءَ يَوْمِكُمْ هَـٰذَا ۚ قَالُوا۟ شَهِدْنَا عَلَىٰٓ أَنفُسِنَا ۖ وَغَرَّتْهُمُ
ٱلْحَيَوٰةُ ٱلدُّنْيَا وَشَهِدُوا۟ عَلَىٰٓ أَنفُسِهِمْ أَنَّهُمْ كَانُوا۟ كَـٰفِرِينَ ﴿١٣٠﴾
(അല്ലയോ ജിന്നുകളുടെയും മനുഷ്യരുടെയും കൂട്ടമേ, എന്റെ ദൃഷ്ടാന്തങ്ങൾ കേൾപ്പിച്ചു തരികയും ഈ ദിനത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്യുന്ന ദൈവദൂതന്മാർ നിങ്ങളിൽ നിന്നുതന്നെ നിങ്ങളിൽ വന്നിരുന്നില്ലേ? അവർ പറയും: അതെ, ഞങ്ങൾ ഞങ്ങൾക്കെതിരായിത്തന്നെ സാക്ഷ്യം വഹിക്കുന്നു. ഇഹലോകത്ത് ഭൗതിക ജീവിതം അവരെ ആത്മവഞ്ചനയിലകപ്പെടുത്തിയിരിക്കുന്നു. പക്ഷേ ആ നാളിൽ തങ്ങൾ സത്യനിഷേധികളായിരുന്നുവെന്നു അവർക്കെതിരെ അവർ തന്നെ സാക്ഷ്യം വഹിക്കും-6:130). അനന്തരം പാപികളായ ജിന്നുകളോട് അല്ലാഹു ഇങ്ങനെ കൽപ്പിക്കുകയും ചെയ്യും: ٱلنَّارُ مَثْوَىٰكُمْ خَـٰلِدِينَ فِيهَآ إِلَّا مَا شَآءَ ٱللَّهُ (ഇനി നരകമാണ് നിങ്ങളുടെ പാർപ്പിടം അതിൽ നിങ്ങൾ ശാശ്വതവാസികളായിരിക്കും-അല്ലാഹു രക്ഷിക്കാനുദ്ദേശിച്ചവർ മാത്രം രക്ഷപ്പെടുന്നു-6:128).

മനുഷ്യൻ ഗോചരമായ ഭൗതിക ജീവിയാണ്. ജിന്ന് അഗോചര സൃഷ്ടിയും. ജിന്നിനെക്കുറിച്ച് അല്ലാഹുവും അവന്റെ പ്രവാചകനും പറഞ്ഞുതന്നതിലധികമൊന്നും ഭൗതിക മനുഷ്യന് മനസ്സിലാക്കാനാവില്ല. ജിന്നുകൾ എങ്ങനെ നിലനിൽക്കുന്നു, എങ്ങനെ ജനിക്കുന്നു, മരിക്കുന്നു എന്നൊന്നും നമുക്കറിയില്ല. ഖുർആനിൽ നിന്നു മനസ്സിലാക്കാവുന്നത് ഇതാണ്. മലക്കുകൾക്കെന്നപോലെ അല്ലാഹു നിശ്ചയിച്ച ഒരുപരിധിവരെ ജിന്നുകൾക്കും മനുഷ്യരിൽ ഇടപെടാൻ കഴിയും. മനുഷ്യനെ സന്മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ പ്രതിജ്ഞയെടുത്ത ഇബ്‌ലീസ് അഥവാ ചെകുത്താൻ ജിന്നുകളിൽ പെട്ടവനാണ്. ജിന്നുകൾക്ക് മനുഷ്യരെ കാണാം. എന്നാൽ മനുഷ്യർക്ക് മലക്കുകളെയെന്നപോലെ ജിന്നുകളെയും കാണാനാവില്ല. സൂറഃ അൽഅഅ്റാഫ് 27-ാം സൂക്തത്തിൽ പറയുന്നു: 'അവനും അന്റെ വർഗവും നിങ്ങളെ കാണുന്നു, നിങ്ങൾക്ക് അവനെ കാണാനാവാത്തവണ്ണം.' ഒരു കൂട്ടം ജിന്നുകൾ പ്രവാചകന്റെ ഖുർആൻ പാരായണം ശ്രവിച്ചതായും അതിൽനിന്ന് മാർഗദർശനമുൾക്കൊണ്ടതായും സൂറഃ അൽ ജിന്ന് 1-2 സൂക്തങ്ങളിൽ പറയുന്നുണ്ട്. എന്നാൽ, തന്നെ കേൾക്കുകയും അതുവഴി സന്മാർഗം നേടുകയും ചെയ്ത ജിന്നുകളെ പ്രവാചകൻ കണ്ടതായി എവിടെയും പറയുന്നില്ല. ജിന്നുകൾ ഖുർആൻ കേട്ട സംഭവം അല്ലാഹു വെളിപാട് (വഹ്‌യ്) മുഖേന പ്രവാചകനെ അറിയിക്കുകയായിരുന്നു.

മനുഷ്യജീവിതത്തിൽ ചെകുത്താൻ ഉൾപ്പെടെയുള്ള ജിന്നുകൾക്ക് ഇടപെടാൻ കഴിയുക അവന്റെ മനോമണ്ഡലത്തിലാണ്. അവർ മനുഷ്യന്റെ ജഢികാസക്തികളെ ഉത്തേജിപ്പിക്കുന്നു. ദുർവിചാരങ്ങളിലും ദുർവികാരങ്ങളിലും വ്യാമോഹങ്ങളിലും അകപ്പെടുത്തുന്നു. ഇങ്ങനെ ചെയ്യാൻ ഇബ്‌ലീസ് അല്ലാഹുവിൽനിന്ന് അനുമതി നേടിയിട്ടുണ്ട്. എന്നാൽ നല്ല ജിന്നുകൾ മനുഷ്യരിൽ സന്മാർഗം പ്രചോദിപ്പിക്കാൻ പ്രത്യേകാനുമതി വാങ്ങിയതായി ഖുർആൻ പറയുന്നില്ല. വിചാരമണ്ഡലത്തിൽ കടന്ന് നന്മയോ തിന്മയോ പ്രചോദിപ്പിക്കുന്നതിലധികം ഒന്നും ചെയ്യാൻ ഒരു ജിന്നിനും കഴിയില്ല. ഇത്തരം പ്രേരണയും പ്രചോദനവും മനുഷ്യരിൽ സൃഷ്ടിക്കാൻ മനുഷ്യർക്കും കഴിയും. അതുകൊണ്ടാണ് സൂറഃ അന്നാസ് 4-6 സൂക്തങ്ങളിൽ അല്ലാഹു മനുഷ്യരോട്, മനസ്സുകളിൽ ആവർത്തിച്ചു ദുർബോധനം നടത്തിക്കൊണ്ടിരിക്കുന്ന മനുഷ്യരിലും ജിന്നുകളിലുംപെട്ട ദുർബോധകരുടെ ദ്രോഹത്തിൽനിന്ന് വിധാതാവിനോട് രക്ഷതേടിക്കൊണ്ട് പ്രാർഥിക്കാൻ നിർദേശിച്ചത്. ഇങ്ങനെ മനസ്സിൽ വിചാരങ്ങളും വികാരങ്ങളും ഉണർത്തി വഴിതെറ്റിക്കുകയല്ലാതെ ജിന്നുകൾ ഏതെങ്കിലും ഭൗതിക രൂപം സ്വീകരിച്ച് നേരിട്ടുവന്നു ഉപദ്രവിക്കുകയോ ഉപകാരം ചെയ്യുകയോ ചെയ്യുന്നില്ല. ജിന്നുകൾ, അതായത് ചെകുത്താൻ നേരിട്ടുള്ള ബലപ്രയോഗത്തിലൂടെ മനുഷ്യനെ വഴിതെറ്റിക്കുന്നില്ല. ദുർവിചാരങ്ങളും വ്യാമോഹങ്ങളും ആസക്തികളുമാണവന്റെ ആയുധങ്ങൾ. അതാകട്ടെ, എളുപ്പത്തിൽ ഭൗതികാസക്തികൾക്കടിമപ്പെടുന്ന ഭൗതിക പ്രമത്തരായ ബോധശൂന്യരിൽ മാത്രമേ ഫലിക്കുകയുള്ളൂ. അതാണ്, മനസ്സിൽ വ്യാമോഹങ്ങൾ നിറച്ചും തിന്മകളെ അലങ്കാരമാക്കിക്കാണിച്ചു കൊടുത്തും സകല മനുഷ്യരെയും വഴിതെറ്റിക്കുമെന്ന് വീരവാദം മുഴക്കുമ്പോഴും ഇബ്‌ലീസ് പറഞ്ഞത്:

إِلَّا عِبَادَكَ مِنْهُمُ ٱلْمُخْلَصِينَ (അവരിലുള്ള നിന്റെ നിഷ്കളങ്ക ദാസന്മാരെ ഒഴിച്ച്-15:40). അല്ലാഹു അതിനു മറുപടി പറഞ്ഞു:

إِنَّ عِبَادِى لَيْسَ لَكَ عَلَيْهِمْ سُلْطَٰنٌ إِلَّا مَنِ ٱتَّبَعَكَ مِنَ ٱلْغَاوِينَ ﴿٤٢﴾

(എന്റെ യഥാർഥ ദാസന്മാരിൽ നിനക്ക് യാതൊരു സ്വാധീന വുമുണ്ടാകുന്നതല്ല. നിന്നെ പിന്തുടർന്ന വഴികെട്ടവരെ മാത്ര മേ, നിനക്ക് സ്വാധീനിക്കാനാവൂ-15:42).

إِنَّ عِبَادِى لَيْسَ لَكَ عَلَيْهِمْ سُلْطَٰنٌ ۚ وَكَفَىٰ بِرَبِّكَ وَكِيلًا ﴿٦٥﴾

(എന്റെ യഥാർഥ ദാസന്മാരിൽ നിനക്ക് യാതൊരു സ്വാധീന വുമുണ്ടായിരിക്കുകയില്ല. അവരുടെ ഉത്തരവാദിത്തമേറ്റെടു ക്കാൻ മതിയായവനാണ് നിന്റെ നാഥൻ-17:65). എന്നാൽ നേരി ട്ടല്ലാതെ ജിന്നുകളിൽപെട്ട ചെകുത്താൻ മനുഷ്യരെ ശാരീരി കമായും മാനസികമായും സാമ്പത്തികമായും ഒക്കെ അക്ര മിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നുണ്ട്. അത് അവൻ ഉണർത്തുന്ന ദുഷ്ചിന്തകൾക്ക് വശംവദരാകുന്ന മനുഷ്യരി ലൂടെയാണ്. അവൻ മനുഷ്യരിൽ അഹന്തയും ആധിപത്യ മോഹവും മാത്സര്യവും മറ്റുള്ളവരുടെ സൗഭാഗ്യങ്ങൾ പിടി ച്ചടക്കാനുള്ള ആർത്തിയും വളർത്തുന്നു. മറ്റുള്ളവരെ അക്ര മിക്കാനും ദ്രോഹിക്കാനും പ്രേരിപ്പിക്കുന്നു. തമ്മിലടിപ്പിക്കു ന്നു. പരസ്പരം കൊല്ലിക്കുന്നു. ആദം നബിയുടെ പുത്രന്മാ രിലൊരാളിൽ സ്വസഹോദരനോട് വിദ്വേഷം വളർത്തി അയാളെ കൊല്ലിച്ചതുപോലെ. ചെകുത്താന്റെ ഈ പ്രവർത്തനം വ്യക്തിതലത്തിലും സാമൂഹിക തലത്തിലും നിർബാധം തുടരുകയാണിപ്പോഴും. ഇതു സംബന്ധിച്ച് ഖുർ ആൻ ഉണർത്തുന്നു:

إِنَّمَا يُرِيدُ ٱلشَّيْطَٰنُ أَن يُوقِعَ بَيْنَكُمُ ٱلْعَدَٰوَةَ وَٱلْبَغْضَآءَ فِى ٱلْخَمْرِ وَٱلْمَيْسِرِ وَيَصُدَّكُمْ عَن ذِكْرِ ٱللَّهِ وَعَنِ ٱلصَّلَوٰةِ ۖ

(മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ വെറുപ്പും വിദ്വേഷവും വളർത്തുന്നതിനും നമസ്കാര ത്തിൽനിന്നു തടയുന്നതിനും തന്നെയാകുന്നു ചെകുത്താൻ ശ്രമിക്കുന്നത്-5:91).

وَمَن يَعْشُ عَن ذِكْرِ ٱلرَّحْمَٰنِ نُقَيِّضْ لَهُۥ شَيْطَٰنًا فَهُوَ لَهُۥ قَرِينٌ ﴿٣٦﴾

(കരുണാമയനായ അല്ലാഹുവിനെ സ്മരിക്കുന്നതിൽ അശ്ര ദ്ധരായവരുടെ മേൽ നാം ചെകുത്താന് സ്വാധീനമേകുന്നതും ചെകുത്താൻ അവന്റെ സഹാവായിത്തീരുന്നതുമാകു ന്നു-43:36).

۞ وَقَيَّضْنَا لَهُمْ قُرَنَآءَ فَزَيَّنُوا۟ لَهُم مَّا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَحَقَّ عَلَيْهِمُ ٱلْقَوْلُ فِىٓ أُمَمٍ قَدْ خَلَتْ مِن قَبْلِهِم مِّنَ ٱلْجِنِّ وَٱلْإِنسِ ۖ

(മുന്നിലും പിന്നിലുമുള്ളതൊക്കെയും അലങ്കാരമാക്കിക്കൊടു ക്കുന്ന ചില സഹാക്കൾക്ക് നാം അവരിൽ സ്വാധീനമേകിയി ട്ടുണ്ടായിരുന്നു. അങ്ങനെ മുമ്പ് കഴിഞ്ഞുപോയ ജിന്നു-മ നുഷ്യ സമൂഹങ്ങളുടെ ദുർവിധിക്ക് അവരും അർഹരാ യി-41:25). മനുഷ്യരെയെന്നപോലെ ജിന്നുകളെയും ചെകു ത്താൻ സ്വാധീനിക്കുന്നുണ്ടെന്ന് ഈ സൂക്തം സൂചിപ്പിക്കു ന്നു. തന്നെ പിന്തുടരാനും താൻ പ്രചോദിപ്പിക്കുന്നതനുസ രിച്ച് പ്രവർത്തിക്കാനും തയാറുള്ള മനുഷ്യരെ കിട്ടിയില്ലെങ്കിൽ ഇബ്‌ലീസ് തികച്ചും ദുർബലനും നിസ്സഹായനുമാകുന്നു. ഇക്കാര്യം ഇബ്‌ലീസ് തന്നെ വിചാരണ നാളിൽ മനുഷ്യരോടു തുറന്നുപറയുന്നതായി അല്ലാഹു ഉദ്ധരിക്കുന്നു:

وَقَالَ ٱلشَّيْطَٰنُ لَمَّا قُضِىَ ٱلْأَمْرُ إِنَّ ٱللَّهَ وَعَدَكُمْ وَعْدَ ٱلْحَقِّ وَوَعَدتُّكُمْ فَأَخْلَفْتُكُمْ ۖ وَمَا كَانَ لِىَ عَلَيْكُم مِّن سُلْطَٰنٍ إِلَّآ أَن دَعَوْتُكُمْ فَٱسْتَجَبْتُمْ لِى ۖ فَلَا تَلُومُونِى وَلُومُوٓا۟ أَنفُسَكُم ۖ مَّآ أَنَا۠ بِمُصْرِخِكُمْ وَمَآ أَنتُم بِمُصْرِخِىَّ ۖ إِنِّى كَفَرْتُ بِمَآ أَشْرَكْتُمُونِ مِن قَبْلُ ۗ إِنَّ ٱلظَّٰلِمِينَ لَهُمْ عَذَابٌ أَلِيمٌ ﴿٢٢﴾

(വിധി പ്രസ്താവിച്ചു കഴിയുമ്പോൾ ചെകുത്താൻ പറയും: അല്ലാഹു നിങ്ങൾക്കു നൽകിയതു സത്യവാഗ്ദാനമായിരുന്നു. ഞാൻ നൽകിയ വാഗ്ദാനം ലംഘിച്ചു. എനിക്കു നിങ്ങളിൽ ഒരധികാരവുമുണ്ടായിരുന്നില്ല. ഞാൻ എന്റെ വഴിയിലേക്കു ക്ഷണിച്ചു. നിങ്ങൾ ആ ക്ഷണം സ്വീകരിച്ചു. അതിനാൽ ഇപ്പോൾ എന്നെ കുറ്റപ്പെടുത്തേണ്ട. നിങ്ങളെ തന്നെ കുറ്റപ്പെ ടുത്തിക്കൊള്ളുക. ഇവിടെ എനിക്ക് നിങ്ങളെ രക്ഷിക്കാനാവി ല്ല. നിങ്ങൾക്ക് എന്നെയും രക്ഷിക്കാനാവില്ല. മുമ്പ് നിങ്ങൾ എന്നെ ദൈവത്തിന്റെ പങ്കാളിയാക്കിയിരുന്നുവല്ലോ, ഞാന തിനെ നിഷേധിക്കുന്നു. ഇത്തരം ധിക്കാരികൾക്ക് നോവേറിയ ശിക്ഷ സുനിശ്ചിതമാകുന്നു-14:22).

വിശുദ്ധ ഖുർആൻ ഇത്രയൊക്കെ വിശദമാക്കിയിട്ടും ചെകുത്താന്റെയും അവനുൾക്കൊള്ളുന്ന ജിന്നിന്റെയും കഴി വുകളെയും പ്രവർത്തനരീതികളെയും കുറിച്ച് പാമരജനങ്ങൾ മാത്രമല്ല ചില പണ്ഡിതന്മാരും പലതരം അന്ധവിശ്വാസങ്ങൾ പുലർത്തിപ്പോരുന്നുണ്ട്. ജിന്നുകൾ അഗോചര രഹസ്യങ്ങള റിയുന്നവർ-ആലിമുൽ ഗൈബ്-ആകുന്നു, അവർക്കു മനുഷ്യ ശരീരങ്ങളെ പ്രാപിക്കാനാവും, മനുഷ്യർക്ക് അവരെയും സേവി ച്ചു വശത്താക്കാം, അങ്ങനെ അവരിലൂടെ അദൃശ്യ കാര്യങ്ങൾ -ഗൈബു-അറിയാനാകും, ജിന്നുകൾ മനുഷ്യരുടെ പ്രാർഥന കേൾക്കുകയും അവരെ ആപത്തുകളിൽ നിന്നു രക്ഷിക്കുകയും ആഗ്രഹങ്ങൾ സഫലീകരിച്ചുകൊടുക്കുകയും ചെയ്യും, ജിന്നും മനുഷ്യനും തമ്മിൽ വിവാഹിതരാകാം, ഇണചേരാം. ജിന്നു മായി ഇണ ചേർന്ന മനുഷ്യസ്ത്രീക്ക് ജനാബത്തു കുളി നിർബ ന്ധമുണ്ടോ എന്നുവരെ ചില പണ്ഡിതന്മാർ ചർച്ച ചെയ്തിരി ക്കുന്നു! ചില മനോരോഗികളെ ആളുകൾ ജിന്നുകൂടിയവർ (ജിന്നെത്തിയവർ) ആയി ധരിക്കുന്നു. രോഗചികിത്സക്കും ആഗ്രഹ സാഫല്യത്തിനും അവരെ സമീപിക്കുന്നു. വേറെ ചില വിരുതന്മാർ ജിന്നു സേവ-ജിന്ന് ഹദറത്-ഉള്ളവരായി അഭി നയിച്ച് ജനങ്ങളെ മുറക്ക് ചൂഷണം ചെയ്യുന്നു.

ജിന്നുകൾ അദൃശ്യജ്ഞാനമുള്ളവരാണെന്ന സങ്കൽപം തൗഹീദിനെതിരാണ്. അദൃശ്യജ്ഞാനം അല്ലാഹുവിനു മാത്ര മുള്ളതാണെന്ന് ഖുർആൻ ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. ജനങ്ങളോടു പറയാൻ അല്ലാഹു പ്രവാചകനോടു കൽപ്പി ക്കുന്നു: قُل لَّا يَعْلَمُ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ٱلْغَيْبَ إِلَّا ٱللَّهُ (പ്രവാച കൻ പറയുക: അല്ലാഹുവല്ലാതെ, ആകാശഭൂമികളിലുള്ളവരാരും തന്നെ അഗോചര രഹസ്യങ്ങളറിയുന്നില്ല-27:65). عَٰلِمُ ٱلْغَيْبِ فَلَا يُظْهِرُ عَلَىٰ غَيْبِهِۦٓ أَحَدًا (അഗോചര രഹസ്യങ്ങളറി

യുന്നത് അവനാകുന്നു. അവൻ മറ്റാർക്കും തന്റെ രഹസ്യം വെളിപ്പെടുത്തുന്നില്ല-72:26). وَعِندَهُۥ مَفَاتِحُ ٱلْغَيْبِ لَا يَعْلَمُهَآ إِلَّا هُوَ (അഗോചര രഹസ്യത്തിന്റെ താക്കോലുകൾ അവന്റെ കൈവശം തന്നെയാകുന്നു. അവനല്ലാതാരും അതറിയുന്നില്ല-6:59). സ്വന്തം ജ്ഞാനത്തെക്കുറിച്ച് ജിന്നുകൾ തന്നെ പറയുന്നതായി ഖുർആൻ ഉദ്ധരിക്കുന്നു:

وَأَنَّا لَا نَدْرِىٓ أَشَرٌّ أُرِيدَ بِمَن فِى ٱلْأَرْضِ أَمْ أَرَادَ بِهِمْ رَبُّهُمْ رَشَدًا ﴿١٠﴾

(ഭൂമിയിലുള്ളവർക്ക് അവരുടെ വിധാതാവ് തിന്മയുദ്ദേശിക്കുന്നുവോ അതല്ല അവരെ മാർഗദർശനം ചെയ്യാനുദ്ദേശിക്കുന്നുവോ എന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ-72:10). സുലൈമാൻ നബി(അ)യുടെ ദിവ്യാത്ഭുതങ്ങളിൽ (معجزة) ഒന്നായിരുന്നു അല്ലാഹു അദ്ദേഹത്തിന് കുറെ ജിന്നുകളെ കീഴ്പ്പെടുത്തിക്കൊടുത്തിയത്. അദ്ദേഹം മരിച്ചപ്പോൾ ആ ജിന്നുകൾ അതറിഞ്ഞത് അദ്ദേഹത്തിന്റെ ചെങ്കോൽ ചിതൽതിന്ന് അദ്ദേഹം സിംഹാസനത്തിൽ നിന്ന് താഴെ വീണപ്പോൾ മാത്രമാണ്. അതേപ്പറ്റി ഖുർആൻ പറയുന്നു:

فَلَمَّا خَرَّ تَبَيَّنَتِ ٱلْجِنُّ أَن لَّوْ كَانُوا۟ يَعْلَمُونَ ٱلْغَيْبَ مَا لَبِثُوا۟ فِى ٱلْعَذَابِ ٱلْمُهِينِ ﴿١٤﴾

(അദ്ദേഹം നിലംപതിച്ചപ്പോൾ ജിന്നുകൾക്ക് ബോധ്യമായി, തങ്ങൾ അഗോചര രഹസ്യങ്ങളറിയുന്നവരായിരുന്നുവെങ്കിൽ ഹീനമായ ഈ ശിക്ഷയിൽ കഴിയേണ്ടി വരികയില്ലായിരുന്നുവെന്ന്-34:14). ജിന്നുകൾ മനുഷ്യന്റെ വരുതിയിലാവുക എന്നത് അല്ലാഹു പ്രവാചകന്മാർക്കുമാത്രം നൽകുന്ന മുഅ്ജിസത്തുകളിലൊന്നാണെന്നുകൂടി ഈ സംഭവം സൂചിപ്പിക്കുന്നുണ്ട്.

പ്രകൃത്യാതീതമായ മാർഗങ്ങളിലൂടെ മനുഷ്യരെ സഹായിക്കാനും സംരക്ഷിക്കാനും കഴിയുന്ന ശക്തി അല്ലാഹുവാണെന്ന സത്യവും ഖുർആൻ അസന്ദിഗ്ധമായ ഭാഷയിൽ ആവർത്തിച്ചു പ്രസ്താവിച്ചിരിക്കുന്നു.

إِنَّ ٱللَّهَ لَهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يُحْىِۦ وَيُمِيتُ ۚ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ ﴿١١٦﴾

(ആകാശഭൂമികളുടെ ആധിപത്യം അല്ലാഹുവിന്റെ ഹസ്തത്തിൽ മാത്രമാകുന്നു. അവനാണ് ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും. അവനല്ലാതെ നിങ്ങൾക്ക് രക്ഷകനായോ സഹായിയായോ ആരുമില്ല-9:116). مَا لَكُم مِّن دُونِ ٱللَّهِ مِن وَلِىٍّ وَلَا نَصِيرٍ (അല്ലാഹുവല്ലാതെ നിങ്ങൾക്ക് യാതൊരു രക്ഷകനുമില്ല, സഹായിയുമില്ല-29:22, 42:31).

ജിന്നും മനുഷ്യനും തമ്മിൽ വിവാഹിതരാവുക, ഇണചേരുക എന്ന സങ്കൽപ്പവും തികഞ്ഞ അസംബന്ധമാണ്. അല്ലാഹു മനുഷ്യന്ന് ഇണയെ സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യരിൽ നിന്നുതന്നെയാണ്. خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا زَوْجَهَا (അവൻ ഒരൊറ്റ ആത്മാവിൽ നിന്നു നിങ്ങളെ സൃഷ്ടിച്ചു. അതേ ആത്മാവിൽനിന്നു തന്നെ അതിന്റെ ഇണയെയും സൃഷ്ടിച്ചു-4:1).

وَٱللَّهُ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا وَجَعَلَ لَكُم مِّنْ أَزْوَٰجِكُم بَنِينَ وَحَفَدَةً وَرَزَقَكُم مِّنَ ٱلطَّيِّبَٰتِ ۚ أَفَبِٱلْبَٰطِلِ يُؤْمِنُونَ وَبِنِعْمَتِ ٱللَّهِ هُمْ يَكْفُرُونَ ﴿٧٢﴾

(അല്ലാഹു നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ ഉണ്ടാക്കിത്തന്നിരിക്കുന്നു. ആ ഇണകളിലൂടെ പുത്രപൗത്രന്മാരെ പ്രദാനം ചെയ്തു. ആഹരിക്കാൻ ഉത്തമ വിഭവങ്ങളേകി. എന്നിട്ടും മനുഷ്യർ മിഥ്യയിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിഷേധിക്കുകയുമാണോ-16:72). സ്വവർഗത്തിൽ നിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും പരസ്പരം സ്നേഹാനുരാഗങ്ങളുളവാക്കിയതും അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തമാകുന്നു.

وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا لِّتَسْكُنُوٓا۟ إِلَيْهَا وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٢١﴾

(സ്വവർഗത്തിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിച്ചുതന്നതും—അവരുടെ സാന്നിധ്യത്തിൽ നിങ്ങൾ ശാന്തിനുകരാൻ-നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉളവാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു. നിശ്ചയം ചിന്തിക്കുന്ന ജനത്തിന് ഇതിൽ നിരവധി ദൃഷ്ടാന്തങ്ങളുണ്ട്-30:21).

ജിന്നു വിശ്വാസം പല രൂപങ്ങളിലായി, ഇസ്‌ലാമിനു മുമ്പും പിമ്പും ലോകത്തിന്റെ മിക്ക ഭാഗങ്ങളിലുമുണ്ട്. ചില നാടുകളിൽ അവർ ദേവീദേവന്മാരാണ്. ഭൂതപ്രേതാദികളാണ് ചില നാടുകളിൽ. കേരളത്തിലെ ഹിന്ദുക്കൾക്കിടയിലെ ഊറ്റമേറിയ ജിന്നുകളാണ് കുട്ടിച്ചാത്തന്മാർ. ചാത്തൻ സേവയെ വളരെ ആദായകരമായ ബിസിനസായി കൊണ്ടുനടക്കുന്നവർ ഏറെയുണ്ട്. ശാസ്ത്രീയമായ അന്വേഷണം പലപ്പോഴും കുട്ടിച്ചാത്തന്മാരുടെ കള്ളിപൊളിക്കാറുമുണ്ട്. മറുഭാഗത്ത് ചില ശാസ്ത്ര പണ്ഡിതന്മാർ ഇത്തരം അന്ധവിശ്വാസങ്ങളെ ന്യായീകരിക്കാൻ പാടുപെടുന്നതായും കാണാം. സാക്ഷാൽ ദൈവമല്ലാത്ത സകല രക്ഷാശിക്ഷാശക്തികളെയും നിഷേധിച്ചുകൊണ്ടാണ് ഇസ്‌ലാം ആഗതമായത്. കാലാന്തരത്തിൽ മുസ്‌ലിം സൂഹത്തിലും പലവേഷത്തിലും ദൈവേതര രക്ഷകരിലും സഹായികളിലുമുള്ള വിശ്വാസം കടന്നുകൂടി. വലിഞ്ഞുകയറിയ മൂഢവിശ്വാസങ്ങളിൽനിന്ന് സമൂഹത്തെ മോചിപ്പിക്കാനും മതത്തെ ശുദ്ധീകരിക്കാനും രംഗത്തുവന്ന ഉൽപതിഷ്ണു-സംസ്കരണ പ്രസ്ഥാനങ്ങളിലൊരു വിഭാഗം വരെ ജിന്നുസഹായത്തിന്റെ വക്താക്കളാകുന്ന വിചിത്രമായ കാഴ്ചയാണ് ഇപ്പോൾ കാണാനാകുന്നത്. ഈ സാഹചര്യത്തിൽ ഇബ്‌ലീസിനെയും മക്കളെയുമാണോ നിങ്ങൾ എന്നെക്കൂടാതെ രക്ഷകരായി വരിക്കുന്നത് എന്ന ഖുർആന്റെ ചോദ്യം ഇന്ന് മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളവും ഏറെ പ്രസക്തമാകുന്നു.

بِئْسَ لِلظَّٰلِمِينَ بَدَلًا എന്ന വാക്യം അത്ഭുതവും അനുശോചനവും പ്രകടിപ്പിക്കുന്നതാണ്. കരുണാവാരിധിയായ അല്ലാഹുവിനുപകരം ബദ്ധവൈരിയായ ഇബ്‌ലീസിനെ രക്ഷകനായി വരിക്കുന്ന അധർമകാരികളുടെ ദൗർഭാഗ്യം അത്ഭുതകരവും അങ്ങേയറ്റം ശോചനീയവുമാണെന്നർഥം. ■